Minister for Education (**Shri Joseph Mundassery**):

(a) No assistance has been received;

(b) Government are giving encouragement to the Kerala Grandhasala Sanghom and the local library authority in the Malabar area in their endeavour to open as many libraries as possible; and

(c) As there is already an advisory committee assisted by the K. G. S., Government do not consider it necessary to appoint any new committee for the purpose.

ശ്രീ. കെ. ഹസൻഗനി : ലൈബ്രറിയേസംബന്ധിച്ചിടത്തോളം നിയമമുണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ ജോസഫ് മുണ്ടശ്ശേരി : ഒരു കരടുനിയമമുണ്ടായിരുന്നു. അതു പ്രീ ശോധിച്ചുകൊണ്ടിരിക്കുകയാണു്. രംഗനാഥൻ എന്നൊരുദ്യോഗസ്ഥന്റെ അതിലേയ്ക്കു ക്ഷണിച്ചിട്ടുണ്ടു്. അദ്ദേഹം ഇവിടെവന്നു് പരിശോധിച്ചശേഷം ഒരു കരടുബിൽ തയാറാക്കാൻ പോവുകയാണു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മലബാറിലെ ലോക്കൽ ലൈബ്രറി അതാറിട്ടീസ് ഒരു നിയമം അയച്ചിട്ടില്ലേ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതും പരിശോധിക്കും.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മി. രംഗനാഥൻ വന്നതിനുശേഷം കരടു ബില്ലിനെപ്പറ്റി ആലോചിക്കുമെന്നു പറഞ്ഞു. അതാറിട്ടി ഒരു നിയമം അയച്ചുകൊടുത്തതായും അതു തിരസ്കരിച്ചതായും അറിയുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പഴയ കരടുബില്ലായിരിക്കണം.

ശ്രീ. എം. നാരായണക്കുറുപ്പ് : ഗവണ്മെൻറ് അയച്ചുകൊടുത്തിട്ടുണ്ടോ ?

ശ്രീ ജോസഫ് മുണ്ടശ്ശേരി : ഇല്ല.

ശ്രീ. തോമസ് ജോൺ : ഗ്രന്ഥശാലാസംഘക്കാർ ഉപേക്ഷിച്ച ബില്ലാണോ കൊടുത്തിരിക്കുന്നതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇല്ലെന്നു പറഞ്ഞുകഴിഞ്ഞു. മലയാളഭാഷയിലാണു് പറഞ്ഞതും. അതു മനസ്സിലാക്കാൻ ബഹുമാനപ്പെട്ട മെംബർക്കു കഴിവുണ്ടാകണം.

ADJOURNMENT MOTION

Regarding Indian Arms Act— Notification :

മി. സ്പീക്കർ : ആർഡർ, ആർഡർ. ശ്രീ. എം. നാരായണക്കുറുപ്പ് ഒരു അടിയന്തിര പ്രമേയം ചർച്ച ചെയ്യുന്നതിനു് നോട്ടീസ് നൽകിയിട്ടുണ്ടു്. ഏതു സമയത്തും, ഏതു വീട്ടിലും പോലീസ് ആഫീസർമാർക്കു പരിശോധന നടത്താൻ അനുവാദം നൽകുന്ന ഒരു ഗവണ്മെൻറ് നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള അസാധാരണമായ പരിതഃസ്ഥിതികളെപ്പറ്റി ചർച്ച നടത്താനാണു് അനുവാദം ആവശ്യപ്പെട്ടിട്ടുള്ളതു്. ബഹുമാനപ്പെട്ട മന്ത്രിക്കു് ഇതിന്റെ കോപ്പി കിട്ടിയിട്ടുണ്ടെന്നു വിശ്വസിക്കുന്നു. അതിനെപ്പറ്റി പറയാനുള്ളതു പറയാം.

ശ്രീ. സി. അച്യുതമേനോൻ : സർ, ഇൻഡ്യൻ ആംസ് ആക്ടനുസരിച്ചു് സാധാരണഗതിയിൽ സ്റ്റേറ്റ് ഗവണ്മെൻറിനു നൽകിയിട്ടുള്ള അധികാരത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു നോട്ടിഫിക്കേഷനാണിതു്. ഇൻഡ്യൻ ആംസ് ആക്ട് സെക്ഷൻ 17, സബ്ക്ലാസ് ഡി—യിൽ പറയുന്നതു് ഇങ്ങനെയാണു്.

LIBRARY ARCHIVES Kerala Legislative Assembly

"The Central Government may, from time to time by notification in the Official Gazette, make rules to determine the officers by whom, the form in which, and the terms and conditions, on and subject to which, any licence shall be granted; and may by such rules among other matters—

* * * *

(d) empower any officer of Government to enter and inspect any premises in which arms, ammunitions or military stores are manufactured or kept by any person holding a licence of the description referred to in section 5 or section 6."

ഇതിൽ പല അധികാരങ്ങളും, സെൻട്രൽ ഗവണ്മെൻറ്, സംസ്ഥാന ഗവണ്മെൻറുകൾക്ക് ഡിലിഗേറ്റ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ, സെക്ഷൻ 17 (സി) അനുസരിച്ചുള്ള റൂളുകൾ ഗവണ്മെൻറുണ്ടാക്കിയിട്ടുണ്ട്. അതു് ഒരു പ്രത്യേക നോട്ടിഫിക്കേഷൻമൂലം ബലത്തിൽ വരുത്തിയിരിക്കുന്നുവെന്നേയുള്ളു. ഇതിയിടെയായി ഗവണ്മെൻറിനു് പല സ്ഥലത്തുനിന്നും അനവധി റിപ്പോർട്ടുകൾ കിട്ടുന്നുണ്ടു്; ചിലർ വാളൻറിയേഴ്സിനെ ശേഖരിക്കുന്നതായിട്ടും, അവർക്കു് ആയുധ പരിശീലനം നൽകിവരുന്നതായും മറ്റും. സ്കൂൾ അടപ്പു പ്രക്ഷോഭണത്തെ ബലപ്പെടുത്തുന്നതിനും, ഗവണ്മെൻറിനെതിരായിട്ടു് ശക്തിസംഭരിക്കുന്നതിനും വലിയതോതിലുള്ള ഒരു പരിശ്രമം ഇന്നു നടന്നുവരുന്നുണ്ടു്. അതു മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ, അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി, ആംസ് ആക്ടിന്റെ അധികാരത്തിനു വിധേയമായി, സ്വീകരിക്കാവുന്ന നടപടികൾ കാലേക്കൂട്ടി ഗവണ്മെൻറ് സ്വീകരിക്കുകയായിരുന്നു, ഈ നോട്ടിഫിക്കേഷൻമൂലം ചെയ്തിട്ടുള്ളതു്. ഈ കാര്യം ഒരു അടിയന്തിരപ്രമേയമെന്നനിലയിൽ ഇവിടെ ചർച്ചചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. സാധാരണഗതിയിൽ, ഗവണ്മെൻറിന്റെ അധികാരപരിധിയിൽപ്പെട്ട ഒരു മുൻകരുതൽ നടപടിയെന്ന നിലയ്ക്കു ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളതാണെന്നുമാത്രമേ ഇതിനെപ്പറ്റി പറയാനുള്ളു.

ശ്രീ. എം. നാരായണക്കുറുപ്പു്: സർ, ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണംകൊണ്ടുതന്നെ ഇതിനെപ്പറ്റി ഒരു ചർച്ചയുടെ ആവശ്യമുണ്ടെന്നു തോന്നിയുന്നുണ്ടു്. ഗവണ്മെൻറിന്റെ അധികാരത്തിൽ കവിഞ്ഞോ, നിയമവിരുദ്ധമായിട്ടോ ഒരു നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയെന്നല്ല ഞാൻ പറഞ്ഞിട്ടുള്ളതു്. ആംസ് ആക്ടറ പാസ്സായിട്ടു വളരെക്കാലമായി. അതു് ഗവണ്മെൻറിനു് പല അധികാരങ്ങളും നൽകുന്നുണ്ടു്; അതനുസരിച്ചു പല ചട്ടങ്ങളും, ഗവണ്മെൻറുണ്ടാക്കുന്നുണ്ടു്. ആ നിയമത്തിൽത്തന്നെ, സാധാരണഗതിയിൽ പ്രയോഗിക്കാനുള്ള ചട്ടങ്ങളും, റൂളുകളുമുണ്ടു്. എന്നാൽ, അസാധാരണപരിതഃസ്ഥിതിയിൽ ചില പ്രത്യേക ചട്ടങ്ങളും, റൂളുകളും ഗവണ്മെൻറുണ്ടാക്കുന്നുണ്ടു്. ഇതുവരെ ഇങ്ങനെയൊരു നോട്ടിഫിക്കേഷൻമൂലം ഇതു് ബലത്തിൽവരുത്തുന്നകാര്യം ഗവണ്മെൻറിനു് ആലോചനയിലില്ലായിരുന്നു. ഇന്നു് എന്തോ അനാവശ്യമായിത്തീർന്ന ഒരു പ്രത്യേക സാഹചര്യമുണ്ടായിട്ടുണ്ടു്. ബഹുമാനപ്പെട്ട മന്ത്രി അതു പറയുകയുണ്ടായി. അതുകൊണ്ടാണു് ഇതിനെ സംബന്ധിച്ചു ഒരു ചർച്ച ഇവിടെ ആവശ്യമാണെന്നു ഞാൻ ഈ പ്രമേയത്തിൽ അവശ്യപ്പെട്ടതു്. വിദ്യുച്ഛക്തി പ്രക്ഷോഭണത്തെ നേരിടാൻ വേണ്ടിയുള്ള ഒരു മുൻകരുതലാണിതെന്നും ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. എനിക്കതിൽ ആക്ഷേപമില്ല. ഒരു ഗവണ്മെൻറ് എന്ന നിലയിൽ, ഗവണ്മെൻറിനെതിരായിട്ടുള്ള ഏതു സംരംഭങ്ങളേയും നേരിടാൻ ഗവണ്മെൻറിനു് അധികാരമുണ്ടു്; പക്ഷേ, അങ്ങനെയുള്ള നടപടികൾ ഗവണ്മെൻറ് എടുക്കുമ്പോൾ നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ, ആ സ്ഥിതിഗതികളെപ്പറ്റി തീർച്ചയായിട്ടും അറിയാനുള്ള അവകാശം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. നാരായണക്കുറുപ്പ്]

നിയമസഭയ്ക്കുണ്ടെന്നാണ് എന്റെ വിശ്വാസം. ഏതാണ്ടൊരു പട്ടാളരാജിന്റെ മട്ടിൽ, അല്ലെങ്കിൽ ഒരു പോലീസുരാജിന്റെ കരിനിഴൽ കേരളത്തിൽ വീശിയിട്ടുള്ളതിന്റെ ഒരു സൂചനയായിട്ടാണ് ഞാൻ ഇതിനെ കാണുന്നത്. എന്നു മാത്രമല്ല. ഇതിനുശേഷം, മട്ടന്നൂർ ഒരു ദിക്കിൽ, പോലീസ് അനേഷണം നടത്തിയതായും, ചിലരെ അറസ്റ്റു ചെയ്തതായും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: സർ, പായിന്റ് ഓഫ് ഓർഡർ. അടിയന്തിരപ്രമേയം അവതരിപ്പിക്കുന്ന മെമ്പറെ ഇത്ര ദീർഘമായ ഒരു പ്രസംഗം ചെയ്യാൻ അനുവദിക്കാമോ, അങ്ങനെയാണെങ്കിൽ ഇവ പറയുന്ന കാര്യങ്ങളെപ്പറ്റി ഞങ്ങൾക്കും ചില അഭിപ്രായങ്ങളുണ്ട്; അതു പറയാനുള്ള അവസരം നൽകണം.

ശ്രീ. എം. നാരായണക്കുറുപ്പ്: അതൊക്കെയും എന്തെങ്കിലും പറയുമ്പോൾ, ഇടയ്ക്കുകടന്ന്, പായിന്റ് ഓഫ് ഓർഡറിന്റെ പേരും പറഞ്ഞു് ഇപ്പോഴത്തെപ്പോലെ തടസം ഉണ്ടാക്കുന്നതു് ബഹുമാനപ്പെട്ട മെമ്പറുടെ ഒരു വഴക്കമാണ്.

Mr. Speaker: Here is a point of order.

Nothing is mentioned in the rules in regard to the point raised, but the convention is when facts are ascertained from the Minister, the Member bringing in the Motion can substantiate his position that the matter moved is of sufficient importance as to become subject matter of an adjournment motion. There is that right for the Member and with the consent of the Speaker, he can exercise that. That does not mean that a discussion is allowed. On several previous occasions also, this has happened.

ശ്രീ. കെ. എ. ബാലൻ: മിനിസ്റ്റർ മറുപടി പറഞ്ഞതിനു ശേഷം അതാകാമോ?

ശ്രീ. എം. നാരായണക്കുറുപ്പ്: മദിരാശിയിലെ സംപ്രദായം, ആദ്യം തന്നെ, അടിയന്തിരപ്രമേയം മൂവുചെയ്യുന്ന ആൾക്ക് എന്താണു പറയാനുള്ളതെന്നു കേട്ടുകഴിഞ്ഞിട്ട്, മന്ത്രിക്ക് പറയാനുള്ളതു പറയും, പിന്നീടായിരിക്കും സ്പീക്കർ വിധി പറയുക. ഇവിടെ അങ്ങനെയല്ല, അതു തെറ്റാണെന്നു പറയുന്നില്ല; എന്റെ അവകാശം നിഷേധിക്കാൻ പാടില്ലെന്നേ പറയുന്നുള്ളൂ.

സർ, ഇതുകൊണ്ടു ഞാൻ മനസിലാക്കുന്നതു്, ഇവിടെ ചില അപകടങ്ങൾ ഉണ്ടാകാമെന്ന സൂചന ഇതിൽ ഉണ്ടെന്നാണ്. മാത്രമല്ല; പത്രറിപ്പോർട്ടുകളിൽനിന്നും മനസ്സിലാക്കുന്നതു് പുതുതായി ഗവണ്മെന്റും, പൊലീസ് ഡിപ്പാർട്ടുമെന്റിലേക്കു ഭടന്മാരെ റിക്രൂട്ടു ചെയ്യാൻ പോകുന്നു; അതു് അധികവും ഗവണ്മെന്റിനു് വിശ്വസ്തരായ ആളുകളെ ആയിരിക്കണമെന്നു ഗവണ്മെന്റിനു് നിർബ്ബന്ധമുണ്ട്; അങ്ങനെയുള്ള ആളുകളായിരിക്കും ഈ അധികാരം കൈകാര്യം ചെയ്യാൻ പോകുന്നതെന്നും മറക്കരുതു്. ഇതു ശരിയാണെങ്കിൽ ഇതിൽ എത്രമാത്രം അപകടമുണ്ടെന്നു ഞാൻ ഇവിടെ പറയേണ്ട ആവശ്യമില്ല. ഇങ്ങനെയുള്ള ഒരു ഗൗരവാവസ്ഥ ഈ നാട്ടിലുണ്ടോ, ഇതിനെ നേരിടാൻ ഗവണ്മെന്റു പുറപ്പെടുവിച്ച നോട്ടിഫിക്കേഷന്റെ ആവശ്യമെന്താണ്; എന്നുള്ളതിനെപ്പറ്റിയെല്ലാം ഞങ്ങൾ വെറും അന്ധകാരത്തിൽ കഴിയുകയാണു്. ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, ഗവണ്മെന്റു മനസിലാക്കിയിട്ടുള്ള വസ്തുതകൾ ഈ സഭയെക്കൂടി അറിയിക്കേണ്ടതാണ്. ഗവണ്മെന്റിന്റെ അധികാരം ആവശ്യമുള്ള സന്ദർഭങ്ങളിൽ, ഇതല്ല ഇതിൽ കൂടുതൽ ഉപയോഗിച്ചാലും ഞാൻ അതിനെ സ്വാഗതം ചെയ്യും. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യത്തെപ്പറ്റി ഞങ്ങൾക്കു കൂടി ബോദ്ധ്യം വരണം. ഇങ്ങനെയൊരു നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പ് ഇവിടെ ഒരു പട്ടാളവാഴ്ചയുടെ ഛായയിൽ ഏതോ തകരാറു സംഭവിച്ചിരിക്കുന്നുവെന്നുള്ളതിനു് എന്തെല്ലാം ന്യായീകരണമാണുള്ളതെന്നറിയാൻ ഈ കാര്യം ഇവിടെ ചർച്ചാവിഷയമാക്കേണ്ടതാണു്. അതിനാണു് ഇതൊരു അടിയന്തിരപ്രമേയമായി ഈ സഭയുടെ മുൻപാകെ ഞാൻ ഹാജരാക്കിയിട്ടുള്ളതു്. ഇതു് അനുവദിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ : സർ, ബഹുമാനപ്പെട്ട മന്ത്രി വായിച്ചതിൽ "at any time" എന്നുകൂടി ഉണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെ നിയമത്തിൽ ഉണ്ടെങ്കിൽ അതനുസരിച്ചേ ചെയ്യുകയുള്ളൂ. എന്താണു സംശയമെന്നു മനസ്സിലായില്ല. ഇതാണു് വകുപ്പു്; രേഖകൽകൂടി വായിക്കാം:

> "empower any officer of Government to enter and inspect any premises in which arms, ammunition or military stores are manufactured or kept by any person holding a licence of the description referred to in Section 5 or Section 6."

ശ്രീ. പൊന്നറ ജി. ശ്രീധർ : പേപ്പറിൽ കണ്ടതു് രാത്രിയിലും കയറി, പോലീസുകാരുടെ ഇഷ്ടംപോലെ ഭവനപരിശോധന നടത്തുമെന്നാണു്. അതു് ആകാമോ ?

ശ്രീ. സി. അച്യുതമേനോൻ : സർ, ശ്രീ. കുറുപ്പിന്റെ പ്രസ്താവനയിൽ ഒന്നുരണ്ടു കാര്യങ്ങൾക്കു വിശദീകരണം നൽകേണ്ടിയിരിക്കുന്നു. ഒന്നാമതു് ഇതു മുൻപെങ്ങും ഇവിടെ ബലത്തിൽ ഇല്ലാതിരുന്ന ഒരു നിയമമാണു്, എന്നു പറഞ്ഞതു ശരിയല്ല; അടിയന്തിര പരിതഃസ്ഥിതിയെ പരിഗണിച്ചു് പല പ്പോഴും ഇതു പ്രയോഗത്തിൽ വരുത്തിയിട്ടുള്ളതാണു്. ഇതു സംബന്ധിച്ചു ഒരു നോട്ടിഫിക്കേഷൻ മുമ്പു് ബലത്തിൽ ഉണ്ടായിരുന്നു; പക്ഷേ, അതിന്റെ വളരെയധികം അവശ്യമില്ലാതിരുന്നതുകൊണ്ടു് അതിന്റെ കാലാവധി എന്നാണു് അവസാനിച്ചതെന്നു നോക്കാതിരുന്നതുകൊണ്ടു് കാലാവധി കഴിഞ്ഞ വിവരം മനസ്സിലായിരുന്നില്ല. ആ നോട്ടിഫിക്കേഷൻ ഇപ്പോൾ ബലത്തിൽ ഇല്ലെന്നു മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണു്, അതു ബലത്തിൽ കൊണ്ടുവരുന്നതിനു് രണ്ടാമതു് ഒരു നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയതു്. കൂടാതെ, കണ്ണൂർ ജില്ലയിൽ പോലീസു് അന്വേഷണം നടത്തിയെന്നും വെടിക്കോപ്പുകളും മറ്റും കണ്ടെടുത്തു കേസ്സാക്കിയിട്ടുണ്ടെന്നും റിപ്പോർട്ടു് കിട്ടിയിട്ടുണ്ടു്. അതും, ഇതുമായി ബന്ധമുണ്ടോ എന്നറിഞ്ഞുകൂടാ. ഏതായാലും ലൈസൻസില്ലാതെ പടക്കങ്ങളും, അതുപോലെ മാരകങ്ങളായ സാധനങ്ങളും ഉണ്ടാക്കുന്നതിനെ കണ്ടുപിടിക്കുന്നതിനായി മുമ്പേലപ്പെട്ടത്തപ്പെട്ടിട്ടുള്ളവർ അതു സംബന്ധിച്ചു കേസ്സെടുത്തിട്ടുണ്ടു്, അതു് അന്വേഷണത്തിൽ ഇരിക്കുകയുമാണു്; അതുകൊണ്ടു് അതിനെപ്പറ്റി കൂടുതലായിട്ടൊന്നും പറയുന്നില്ല. അതും, ഇതുമായി ബന്ധമുണ്ടോ എന്നു് ഉറപ്പിച്ചു പറയുവാൻ നിവൃത്തിയില്ല. മറ്റൊരു കാര്യം ശ്രീ. കുറുപ്പു് പറഞ്ഞതു്, പുതുതായിട്ടു് ശവണ്ണൻറെ പോലീസിലേക്കു് ആളുകളെ എടുക്കാൻ പോകുന്നു, അവക്കായിരിക്കും ഇതിനുള്ള അധികാരം നൽകുന്നതെന്നാണു്. ശവണ്ണൻമാരിൽനിന്നും പ്രത്യേക പരിതഃസ്ഥിതികളിൽ ചെയ്യുവരുന്ന ഒരു സംഗതി മാത്രമാണിതു്; ഇതു് എല്ലാ ശവണ്ണൻമാർക്കും, നിലവിലിരിക്കുന്ന ഓരോ കാലത്തും സാധാരണ ഗതിയിൽ പ്രയോഗിക്കുന്ന ഒരധികാരം മാത്രമാണു്. അങ്ങനെ മറ്റു ശവണ്ണൻമാർക്കും ചെയ്യാവുന്ന ഒരു നടപടി മാത്രമേ ഈ കാര്യത്തിൽ ഈ ശവണ്ണൻമാർ കൈക്കൊള്ളുകയുള്ളൂ. അന്വേഷണത്തിനുള്ള അധികാരം നൽകുന്നതു് ആക്കായിരിക്കുമെന്നു് ഇതിൽത്തന്നെ പറയുന്നുണ്ടു്. Police officer not below the rank of an Inspector of Police. പുതുതായി തിരഞ്ഞെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുതമേനോൻ]

ട്ടക്കപ്പെട്ടന്നവക്ക് ഇതിന്റെ അധികാരം നൽകാൻ സാധ്യമല്ല. ഇൻസ്പെക്ടർ ആഫ് പോലീസിൽ താഴ്ന്ന ഒരു ആഫീസക്കും ഇതിന്റെ അധികാരം നൽകുന്നതല്ല.....

ശ്രീ. എം. നാരായണക്കുറുപ്പ് : സബ്ബ് ഇൻസ്പെക്ടർക്കാണ് അധികാരം നൽകുന്നതെന്നു പറയുന്നത്.....

ശ്രീ. സി. അച്യുതമേനോൻ : നോട്ടിഫിക്കേഷനിലെ വാചകം കൃത്യമായി ഓർക്കുന്നില്ല. തെറ്റാണെങ്കിൽ തിരുത്തുന്നു. ഏതായാലും ഉത്തരവാദപ്പെട്ട പോലീസ് ആഫീസറന്മാർക്കല്ലാതെ ഇതിനുള്ള അധികാരം മറ്റാർക്കും നൽകുകയില്ലെന്നുള്ളതു് വ്യക്തമാണല്ലോ. അങ്ങനെ മാത്രമേ ചെയ്യുകയുള്ളൂ.

ശ്രീ. പൊന്നറ ശ്രീധർ : ഇൻസ്പെക്ടർ ആഫ് പോലീസിനല്ല, സബ്ബ് ഇൻസ്പെക്ടർമാർക്കാണ് ഇതിന്റെ അധികാരം നൽകിയിരിക്കുന്നതു്.

ശ്രീ. സി. അച്യുതമേനോൻ : തെറ്റിദ്ധാരണ നീക്കാൻ വായിക്കുകയാണു്. "empower any officer of Government to enter and inspect any premises" എന്നാണു പറഞ്ഞിരിക്കുന്നതു്. ഇൻസ്പെക്ടർ ആഫ് പോലീസ് എന്നു ഞാൻ പറഞ്ഞതു് പിശകാണെന്നു ശ്രീ. കുറുപ്പ് ചൂണ്ടിക്കാണിച്ചതു് ഞാൻ അംഗീകരിച്ചു കഴിഞ്ഞതാണു്.

ശ്രീ. ആർ. പ്രകാശം : സർ, ഇതൊരു ചോദ്യോത്തരസമയമാക്കി മാറ്റാൻ ഉദ്ദേശമുണ്ടോ ?

ശ്രീ. ഇ. പി. പയലോസ് : കോടതിയുടെ അറിവോടുകൂടിയാണോ ഈ അന്വേഷണം നടത്തുന്നതു് ; മുൻകൂട്ടി അനുവാദം വാങ്ങിയിട്ടാണോ അന്വേഷണം നടത്തുന്നതു് ?

Shri E. Chandrasekharan Nair : Is this a discussion on the merits or demerits of that notification ?

Mr. Speaker : Please wait.

ശ്രീ. സി. അച്യുതമേനോൻ : മുൻകൂട്ടി അനുവാദം കൂടാതെ പോലീസ് ആഫീസക്ക് സർച്ച് നടത്താം.

മിസ്റ്റർ സ്പീക്കർ : ആർ.ഡർ, ആർ.ഡർ. ഈ അടിയന്തിരപ്രമേയത്തിനു കാരണമായിട്ടുള്ള കാര്യത്തെ സംബന്ധിച്ചു ഗവണ്മെന്റു് എടുത്തിട്ടുള്ള നടപടികളെപ്പറ്റി ബഹുമനപ്പെട്ട മന്ത്രിയിൽനിന്നും, ഇതു് ഇവിടെ ചർച്ച ചെയ്യാൻ അനുവദിക്കേണ്ടതിന്റെ ന്യായാന്യായങ്ങളെപ്പറ്റി ശ്രീ. കുറുപ്പിൽനിന്നും വിശദീകരണങ്ങളും കേട്ടിടത്തോളം ഇന്നു് ഒരു അടിയന്തിരസ്ഥിതിവിശേഷം ഇതുമൂലം ഉളവായിട്ടില്ലെന്നു മനസ്സിലാകുന്നുണ്ടു്. ഒരുപക്ഷേ, ഭാവിയിൽ അപകടമായിത്തീർന്നേക്കാവുന്ന ഒരു അവസ്ഥ ഉൽഭവിക്കുമെന്ന ആശങ്കയുടെ അടിസ്ഥാനത്തിൽ ഇതു് ഇപ്പോൾ ഒരു അടിയന്തിരപ്രമേയത്തിനു വിഷയമാക്കി ചർച്ച നടത്തേണ്ടതില്ലെന്നുള്ളതിനാൽ ഇതു് ഔട്ട് ആഫ് ആർഡറാണെന്നു പ്രഖ്യാപിക്കുകയാണു്.

Papers laid on the Table.

Shri C. Achutha Menon (*Minister for Finance*) : Sir, I present the Finance Accounts of the Government of Kerala for 1956-57 (1-11-1956 to 31-3-1957) and the Audit Report 1957.

LIBRARY ARCHIVES Kerala Legislative Assembly